(ബി) കായിക താരങ്ങളുടെ പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കോഴിക്കോട് ജില്ലാ മുൻ ഫുട്ബോൾ താരം ശ്രീ. ഇ. പി. മാനു കോയയുടെ പെൻഷൻ സംബന്ധിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ഇതിന്മേൽ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 23 കായിക താരങ്ങൾക്ക് പുതിയതായി പെൻഷൻ അനുവദിച്ചിട്ടുണ്ട്. 11 അപേക്ഷകൾ തീർപ്പു കൽപ്പിക്കുവാനുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്. ശ്രീ. ഇ. പി. മാനുകോയ അപേക്ഷയോടൊപ്പം സ്പോർട്ട്സ് കൗൺസിലിൽ സമർപ്പിച്ചിട്ടുള്ള കായിക നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ അവശകായികതാര പെൻഷൻ അനുവദിക്കുന്നതിന് കൗൺസിൽ പിൻതുടരുന്ന മാനദണ്ഡപ്രകാരം അർഹതയുള്ളതല്ല.

യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

229 (5119) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളെ തീവ്രവാദ ദേശവിരുദ്ധ പ്രവർത്തനങ്ങളിൽനിന്ന് അകറ്റിനിർത്താനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് യുവജനക്ഷേമ ബോർഡ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഭാവിയിൽ ഈ വിഷയത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) യുവജനക്ഷേമ ബോർഡ് തനത് പരിപാടികളിലൂടെയും യൂത്ത് ക്ലബ്ബുകൾ വഴിയും ഇക്കാര്യത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. മതസൗഹാർദ്ദ സംഗമങ്ങൾ നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. യൂത്ത് വെൽഫയർ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന യൂത്ത് ഫോറങ്ങളിൽ മതസൗഹാർദ്ദ സെമിനാറുകൾ സംഘടിപ്പിച്ചുവരുന്നു. യുവശക്തി പദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്ന് മതസൗഹാർദ്ദ ബോധവൽക്കരണമാണ്.

(ബി) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും യൂത്ത് ക്ലബ്ബുകൾ യുവജന സംഘടനകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ മതേതര ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly